## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

**പ്രവചന കാലയളവ് 14.12.2022 മുതൽ 18 .12.2022 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 50/2022,(99) ചൊവ്വാഴ്ച | തീയ്യതി 13/12/2022 |
|---|---|

### 1. കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:

| മഴ (മി.മി) | ഉയർന്ന താപനില (°C) | കുറഞ്ഞ താപനില (°C) | കൂടിയ അന്തരീക്ഷ ആർദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | സൂര്യപ്രകാശ ത്തിന്റെ അളവ് (മണിക്കൂർ) | ബാഷ്പീകരണം (മി.മി) |
|---|---|---|---|---|---|---|---|
| ( 85.7) | (24.5-33.1) | (21.0-23.4) | 83-99) | (49-94) | (0.1-4.5) | (0.0-5.9) | (1.5-3.4) |

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 14.12.2022 | 15.12.2022 | 16.12.2022 | 17.12.2022 | 18.12.2022 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 5 | 5 | 0.1 | 0 | 0 |
| ഉയർന്ന താപനില (°C) | 30 | 32 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 23 | 21 | 21 | 21 | 21 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 3 | 2 | 4 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 200 | 200 | 200 | 320 | 250 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 6 | 3 | 3 |

കാലാവസ്ഥാ അറിയിപ്പ് : ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരി മഴയ്ക്ക് സാധ്യത.

**അടുത്ത് അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2022 ഡിസംബർ 14 | 2022 ഡിസംബർ 15 | 2022 ഡിസംബർ 16 | 2022 ഡിസംബർ 17 | 2022 ഡിസംബർ 18 |
|---|---|---|---|---|
| നേരിയ മഴ | നേരിയ മഴ | വളരെ നേരിയ മഴ | മഴ ഇല്ല | മഴ ഇല്ല |

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ :കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗകീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് മുണ്ടകൻ (ചിനപ്പ് പൊട്ടുന്ന പരുവം) | ഓലച്ചുരുട്ടിപ്പുഴു | മൂടിക്കെട്ടിയ അന്തരീക്ഷ സ്ഥിതി തുടരുമ്പോൾ നെല്ലിൽ ഓലചുരുട്ടിപ്പുഴുവിനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സി.സി. ട്രൈക്കോഗ്രമ്മ കാർഡ് ചെറു കഷ്ണങ്ങളായി മുറിച്ച് വയലിന്റെ പല ഭാഗത്ത് ഓലയുടെ അടി ഭാഗത്തായി കുത്തിവെക്കുക. അല്ലെങ്കിൽ 3 മില്ലി ക്ലോറാൻട്രാനിലിപ്രോൾ പത്ത് ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. |
| | ബാക്ടീരിയൽ ഇല കരിച്ചിൽ | നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിലിന് മുൻകരുതലായി 20 ഗ്രാം പച്ചചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തതിൽ 20 ഗ്രാം സ്യൂഡോമോണാസ് കലക്കി തളിക്കുക. രോഗത്തിന്റെ വ്യാപനം തടയുന്നതിനായി 2 കിലോഗ്രാം ബ്ലീച്ചിങ്ങ് പൗഡർ ഒരു ഏക്കർ പാടശേഖരത്തിന് 100 ഗ്രാം വീതമുള്ള 20 കിഴികളാക്കി നീർചാലുകളിൽ ഇട്ടുകൊടുക്കാവുന്നതാണ്. രോഗം രൂക്ഷമാവുകയാണെങ്കിൽ 6 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 20 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽകലക്കി തളിക്കുക. |
| പച്ചക്കറികൾ പയർ | കരിവള്ളിക്കേട് | പയറിൽ കരിവള്ളിക്കേട് എന്ന രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 1% വീര്യമുള്ള ബോർഡോമിശ്രിതം കലക്കി തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| പച്ചക്കറികൾ (വെള്ളരിവർഗ്ഗങ്ങൾ) | മൃദുരോമപൂപ്പ് | വെള്ളരിവർഗ്ഗ പച്ചക്കറികളിൽ മൃദുരോമപൂപ്പ് എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി രണ്ടര ഗ്രാം മാങ്കോസെബ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലയുടെ അടിയിൽ പതിയത്തക്കവിധത്തിൽ കലക്കി തളിക്കുക. മഴയില്ലാത്ത സമയത്ത് മാത്രം കുമിൾനാശിനി പ്രയോഗം നടത്തുക. |

മൃഗസംരക്ഷണം -: തൊഴുത്തിലോ, പരിസരത്തോ എലി ശല്യം ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കുക. എലിയിൽ നിന്നും പകരുന്ന എലിപ്പനി അഥവാ ലെപ്റ്റോസ്പറോസിസ് എന്ന രോഗം ഉരുക്കൾക്കും കർഷകർക്കും ഒരുപോലെ മാരകമാണ്. പനി, വിറയൽ, വിശപ്പില്ലായ്മ, മൂത്രത്തിൽ തവിട്ടു നിറം, മഞ്ഞപ്പിത്തത്തിന്റെ മറ്റു ലക്ഷണങ്ങളോ കാണുന്ന പക്ഷം ഉടനെ വെറ്ററിനറി ഡോക്ടറുടെ നിർദ്ദേശപ്രകാരം രക്തപരിശോധന നടത്തി രോഗനിർണ്ണയം നടത്തുക. (CAADECCS, KVASU, Mannuthy).